T9/18999/2019/PHQ
Kerala Police Headquarters,
Thiruvananthapuram
phq.pol@kerala.gov.in
Ph: 0471-2721547
Dated: 06 /03/2019

# Circular No. 05/2019

Sub: National Police Memorial (NPM), Chanakyapuri, New Delhi.
Ref: Letter No.1/CII/2019 (NPM)-I dated 04.02.2019 of the Joint Director, Intelligence Bureau, Ministry of Home affairs, Government of India.

…………………

On the auspicious occasion of the Police Commemoration Day on this year (October 21st 2018) the Hon'ble Prime Minister of India has dedicated **the National Police Memorial (NPM)** to the Nation in recognition of the sacrifices made by Police personnel since independence and their paramount role in preserving national security and integrity.

**2**. It is situated at the crest of Shantipath in Chankypuri, New Delhi and spread over an area of 6.12 acres and **consists of 30 foot (9.1meter) tall and 238 ton black granite central sculpture, Museum and Wall of Valour**. It also commemorates the 34,844 Policemen from all central and state Police Forces of India who have laid down their lives. This is a latest, beautiful and a fantastic addition to Delhi's rich architectural heritage.

**3**. The newly built underground museum is an excellent place to visit with artifacts, history, badges, books, uniforms over the ages. The wall of valour has names of all martyrs inscribed on it. **The entry to the Memorial is free** and **the timing of NPM Museum is 9.30 AM to 5.30 PM (Monday Holiday)**

**4**. In this connection, Intelligence Bureau, MHA, Government of India vide their communication cited has requested us to consider visit to the National Police Memorial along with our family members while visiting Delhi.

5. Hence all of you are advised to consider a visit to the **National Police Memorial (NPM)** while visiting Delhi at your convenience and give suggestions regarding enhancement of its attractiveness.

6. This circular will be communicated up to the Police Station level for bringing the same to the notice of all the staff in the department.

Sd/-(06.03.2019)
**State Police Chief**

"I am directed to convey the above orders of State Police Chief"

12.3.19
Inspector General of Police (HQ)

To:
1. All SHOs of all Police Stations.
2. All Officers in List B- for information
3. Manager /CAs to all Officer's in PHQ (Hard Copy)
4. DD, PR for information & n/a

Copy to: Circular Register, Kerala Police Website.
CA to SPC

# NATIONAL POLICE MEMORIAL (KERALA POLICE SECTION)
## FEEDBACK FORM

*[It is highly recommended for those who have visited the National Police Memorial (NPM) in Chanakyapuri, New Delhi to share their experience and feedback about the Kerala Police Section in the memorial/museum to Kerala Police Headquarters; so that we can improve on the same!]*

Name :
Designation :
Mobile Number :
Email address :

1. How did you hear about the National Police Memorial?

| |
|---|
| |

2. In general, how do you rate the Kerala Police section in the museum?
   Excellent ☐ Good ☐ Average ☐ Poor ☐
3. Were the items/pictures exhibited in the Kerala Police section adequate for properly showcasing Kerala Police at a national level?
   Yes ☐ No ☐ Partly ☐
4. Is there anything you feel should be added or omitted from the Kerala Police section?

| |
|---|
| |

5. What did you enjoy the most about the museum?

| |
|---|
| |

6. Which Police organization, in your opinion has the best section in the museum?

| |
|---|
| |

7. What features of the above stated section have helped it to be apparently better than Kerala Police Section?

| |
|---|
| |

8. Any other suggestions?

| |
|---|
| |

(Signature)

റ്റി9- 18999/2019/പി.എച്ച്.ക്യൂ
പോലീസ് ആസ്ഥാനം
കേരളം,തിരുവനന്തപുരം,
phq.pol@kerala. gov.in
phone.0471-2721547
തീയതി: 06./03/2019

<u>സർക്കുലർ നം. 05/2019</u>

വിഷയം - ദേശീയ പോലീസ് സ്മാരകം (National Police Memorial), ചാണക്യപുരി, ന്യൂഡൽഹി.

സൂചന - ജോയിന്റ് ഡയറക്ടർ, ഇന്റലിജൻസ്ബ്യൂറോ, ആഭ്യന്തരകാര്യ മന്ത്രാലയം, ഭാരതസർക്കാറിന്റെ 04.02.2019 തീയതിയിലെ I/CII/2019 (NPM)-1 നമ്പർ കത്ത്.

സ്വാതന്ത്ര്യലബ്ധി മുതൽ പോലീസ് ഉദ്യോഗസ്ഥർ അനുഷ്ടിച്ച ജീവത്യാഗങ്ങൾക്കും, രാജ്യത്തിന്റെ സുരക്ഷയും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതിൽ അവർ വഹിച്ച പരമ പ്രധാനമായ പങ്കിനും ഉള്ള അംഗീകാരമായി ഈ വർഷത്തെ പോലീസ് അനുസ്മരണ ദിവസത്തെ ധന്യ മുഹൂർത്തത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി 'ദേശീയ പോലീസ് സ്മാരകം' (NPM) രാജ്യത്തിനായി സമർപ്പിച്ചു.

2) ന്യൂഡൽഹിയിലെ ചാണക്യപുരിയിലെ ശാന്തിപഥ് എന്ന സ്ഥലത്തിന്റെ ഹൃദയഭാഗയത്ത് സ്ഥിതി ചെയ്യുന്ന ഈ സ്മാരകം 6.12 ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചിട്ടുള്ളതും, 30 അടി (9.1 മീറ്റർ) ഉയരമുള്ളതും 238 ടൺ കറുത്ത ഗ്രാനൈറ്റിൽ നിർമ്മിച്ചിട്ടുള്ള കേന്ദ്ര ശിൽപവും, മ്യൂസിയവും, ധീരതയുടെ ഭിത്തി (Wall of Valour) യും ഉൾക്കൊള്ളുന്നതുമാണ്. ഇതിൽ ഭാരതത്തിലെ എല്ലാ കേന്ദ്ര, സംസ്ഥാന പോലീസ് സേനകളിൽനിന്നും ജീവത്യാഗം വരിച്ച 34,844 പോലീസ് ഉദ്യോഗസ്ഥരെ അനുസ്മരിക്കുന്നു. നൂതനവും, മനോഹരവും വിശിഷ്ടവുമായ ഈ സ്മാരകം ഡൽഹിയുടെ സമ്പന്നമായ വാസ്തുവിദ്യാ പാരമ്പര്യത്തിന് മാറ്റുകൂട്ടുന്നു.

3) പൗരാണികമായ കലാശിൽപ മാതൃകകൾ, ചരിത്രം, ബാഡ്ജുകൾ, പുസ്തകങ്ങൾ, യൂണിഫോമുകൾ എന്നിവ അടങ്ങിയ പുതുതായി നിർമ്മിച്ച

ഭൂഗർഭ മ്യൂസിയം, സന്ദർശിക്കുവാൻ ഉത്കൃഷ്ടമായ ഒരു സ്ഥലം തന്നെയാണ്. 'ധീരതയുടെ ഭിത്തിയിൽ' എല്ലാ രക്തസാക്ഷികളുടെയും പേരുകൾ മുദ്രണം ചെയ്തിരിക്കുന്നു. ഈ സ്മരകത്തിലേക്കുള്ള പ്രവേശനം സൗജന്യമാണ്. NPM മ്യൂസിയത്തിന്റെ പ്രവർത്തനസമയം രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെയാണ്. (തിങ്കളാഴ്ച അവധി ദിവസമാണ്).

4) ഈ സന്ദർഭത്തിൽ, ഇന്റലിജൻസ്ബ്യൂറോ, ആഭ്യന്തരമന്ത്രാലയം, ഭാരതസർക്കാർ സൂചനയിൽ പരമർശിച്ചിട്ടുള്ള സന്ദേശത്തിൽ നാം ഏവരും ഡൽഹി സന്ദർശിക്കുന്ന അവസരത്തിൽ കുടുംബാംഗങ്ങളോടൊപ്പം ദേശീയ പോലീസ് സ്മാരകം സന്ദർശിക്കുന്ന കാര്യം പരിഗണിക്കുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

5) ആയതിനാൽ, നിങ്ങൾ എല്ലാവരും ഡൽഹി സന്ദർശിക്കുമ്പോൾ നിങ്ങളുടെ സൗകര്യപൂർവ്വം ദേശീയ പോലീസ് സ്മാരകം (NPM) സന്ദർശിച്ച് അതിനെ കൂടുതൽ ആകർഷകമാക്കാനുള്ള നിർദ്ദേശങ്ങളും നൽകേണ്ടതാണ്.

6) ഇക്കാര്യം വകുപ്പിലെ എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപെടുത്തുന്നതിനായി ഈ സർക്കുലർ പോലീസ് സ്റ്റേഷൻതലം വരെ അയച്ചു കൊടുക്കേണ്ടതാണ്.

(sd/-06.03.2019)

**സംസ്ഥാന പോലീസ് മേധാവി**

"മേൽ ഉത്തരവ് താങ്കളെ അറിയിക്കുവാൻ എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു"

12/3/19

**പോലീസ് ഇൻസ്പെക്ടർ ജനറൽ (എച്ച്.ക്യു)**

സ്വീകർത്താവ്: 1. എല്ലാ പോലീസ് സ്റ്റേഷനിലേയും എസ്.എച്ച്.ഒ മാർക്കും.
2. ലിസ്റ്റ് 'ബി' യിലെ എല്ലാ ഓഫീസർമാർക്കും.
3. മാനേജർ, പി.എച്ച്.ക്യൂ / പി.എച്ച്.ക്യൂവിലെ എല്ലാ ഓഫീസർമാരുടെയും സി എമാർക്കും.
4. ഡി.ഡി.പി.ആർ അറിവിലേക്കും നടപടികൾക്കുമായി.

പകർപ്പ് : സർക്കുലർ രജിസ്റ്റർ, കേരള പോലീസ് വെബ്സൈറ്റ്.

## ദേശീയ പോലീസ് സ്മാരകം (കേരള പോലീസ് വിഭാഗം)
## പ്രതികരണ ഫോറം

[ന്യൂഡൽഹിയിലെ ചാണക്യപുരിയിൽ സ്ഥിതി ചെയ്യുന്ന ദേശീയ പോലീസ് സ്മാരകം സന്ദർശിക്കുന്നവർ തങ്ങളുടെ അനുഭവവും, സ്മാരകം/മ്യൂസിയത്തിലെ കേരള പോലീസ് വിഭാഗത്തെക്കുറിച്ചുള്ള പ്രതികരണവും കേരള പോലീസ് ആസ്ഥാനത്തേക്ക് പങ്കുവയ്ക്കുവാൻ താത്പര്യപ്പെടുന്നു. ഇത് ഞങ്ങൾക്ക് കൂടുതൽ മെച്ചപ്പെടുത്തുവാൻ സഹായകമാകും].

പേര് :
സ്ഥാനപ്പേര് :
മൊബൈൽ നമ്പർ :
ഇ-മെയിൽ വിലാസം :

1. ദേശീയ പോലീസ് സ്മാരകത്തെക്കുറിച്ച് നിങ്ങൾ അറിയാനിടയായതെങ്ങനെയാണ്?

2. മ്യൂസിയത്തിലെ കേരള പോലീസ് വിഭാഗത്തെ നിങ്ങൾ പൊതുവിൽ എങ്ങനെ വിലയിരുത്തുന്നു?
ഉത്കൃഷ്ടം ☐ മികച്ചത് ☐ ശരാശരി ☐ മോശം ☐

3. കേരള പോലീസ് വിഭാഗത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള ഇനങ്ങൾ/ചിത്രങ്ങൾ ദേശീയ തലത്തിൽ കേരളാ പോലീസിനെ കൃത്യമായി പ്രതിനിധാനം ചെയ്തിട്ടുണ്ടോ?
ഉണ്ട് ☐ ഇല്ല ☐ ഭാഗികമായി ☐

4. കേരള പോലീസ് വിഭാഗത്തിൽ എന്തെങ്കിലും ഉൾപ്പെടുത്തേണ്ടതായിട്ടോ ഒഴിവാക്കേണ്ടതായിട്ടോ ഉള്ളതായി നിങ്ങൾക്ക് തോന്നിയോ?

5. മ്യൂസിയത്തെ സംബന്ധിച്ച് നിങ്ങൾ ഏറ്റവും കൂടുതൽ ആസ്വദിച്ചത് എന്ത്?

6. ഏത് പോലീസ് സംഘടനയ്ക്കാണ് നിങ്ങളുടെ അഭിപ്രായത്തിൽ മ്യൂസിയത്തിലെ ഏറ്റവും മികച്ച വിഭാഗം ഉള്ളത്?

7. മേൽ പറഞ്ഞ വിഭാഗത്തിന്റെ എന്ത് പ്രത്യേകതകളാണ് അതിനെ കേരളാ പോലീസിൽ നിന്നും മികച്ചതാക്കുന്നത്?

8. മറ്റെന്തെങ്കിലും നിർദ്ദേശങ്ങൾ?

ഒപ്പ്